DESPATCHED
On...05/03/2020

8/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ C.P. No.1122(6)/2016/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.16375/എസ്.ഐ.സി–ജി 5/2016)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| .ശ്രീ. പ്രദീപ് കുമാർ കെ.<br>കൈലാസ് CNRA No.3<br>കോമന, അമ്പലപ്പുഴ പി.ഒ– 688 561 | പരാതി ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>വൈക്കം നഗരസഭ, നഗരസഭാ കാര്യാലയം,<br>വൈക്കം, കോട്ടയം..<br><br>2. അപ്പീൽ അധികാരി<br>വൈക്കം നഗരസഭ, നഗരസഭാ കാര്യാലയം,<br>വൈക്കം, കോട്ടയം. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 28.09.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 27.12.2016 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 29.12.2016 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 08.01.2020, 05.02.20<br>വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,കോട്ടയം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പ്രദീപ് കുമാർ കെ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ അനുവദ

നീയമായ സമയപരിധിക്കുള്ളിൽ യാതൊരുമറുപടിയും ലഭ്യമാക്കാത്ത സാഹചര്യത്തിൽ 09.11.2016 ൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയതു പ്രകാരം ടിയാന് 25.11.2016 ൽ തയ്യാറാക്കി നൽകിയ മറുപടി കത്തിൽ 27.08.2016 ലെ അപ്പീൽ അപേക്ഷക്കുള്ള മറുപടി '23.09.2016 ൽ രജിസ്റ്റേഡ് തപാലായി നഗരസഭ ഓഫീസിൽ നിന്നും അയച്ചു നൽകിയിട്ടുള്ളതായി അറിയിക്കുന്നു' എന്ന വിചിത്രമായ പ്രസ്താവനയാണ് നൽകിയിരിക്കുന്നതെന്നും മേൽപ്പടി മറുപടിക്കൊപ്പം തെളിവായി ഡെസ്പാച്ച് രജിസ്റ്ററിന്റെയും തപാൽ രജിസ്റ്ററിന്റെയും പകർപ്പുകൾ ഉള്ളടക്കം ചെയ്തിരുന്നുവെന്നും ടിയാൻ അപ്പീൽ അപേക്ഷ നൽകിയത് 28.09.2016 ലെ ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകാതിരുന്നതിനാലാണ് എന്നും മറ്റൊരു അപ്പീൽ അപേക്ഷക്ക് നൽകിയ മറുപടി ചൂണ്ടിക്കാട്ടി ടിയാനെ കബളിപ്പിക്കാനുള്ള ശ്രമമാണ് രണ്ടാം എതിർകക്ഷി നടത്തിയിട്ടുള്ളത് എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i) ശ്രീ.എസ്.ബിജു വൈക്കം നഗരസഭ സെക്രട്ടറിയായി സ്ഥാനമേറ്റെടുത്ത ശേഷം 29.12.2015വരെയുള്ള കാലയളവിൽ ജീവനക്കാരുടെ പെൻഷൻ ബുക്കുകളിൽ നഗരസഭ സെക്രട്ടറി ഒപ്പിടേണ്ട remarks by the receiving authority എന്ന പേജ് സ്വന്തം കൈപ്പടയിൽ പൂരിപ്പിച്ചവയിൽ ലഭ്യമായ പെൻഷൻ ബുക്കുകളുടെ മേൽപ്പടി പേജുകളുടെ പകർപ്പ് നൽകണമെന്നും

ii) മേൽപ്പടി കാലയളവിൽ സമർപ്പിക്കപ്പെട്ട പെൻഷൻ ബുക്കിൽ കോട്ടയത്തുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഫീസിൽ നിന്ന് തിരികെ ലഭിക്കുവാനുള്ളവരുടെ പേരു വിവരം, വൈക്കം നഗരസഭയിൽ നിന്ന് പെൻഷൻ ബുക്കുകൾ അയച്ചുകൊടുത്ത തീയതി എന്നിവ നൽകണമെന്നും

iii) മേൽപ്പടി കാലയളവിലെ ലഭ്യമായ പെൻഷൻ ബുക്കുകൾ ജീവനക്കാരൻ നഗരസഭ ഓഫീസിൽ സമർപ്പിച്ച തീയതി, സെക്രട്ടറി ഒപ്പിട്ട തീയതി, കോട്ടയത്തുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഫീസിലേയ്ക്ക് കൈമാറിയ തീയതി എന്നിവ നൽകണമെന്നുമാണ്.

RIGHT TO INFORMATION

3. ഹർജിക്കാരൻ, രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ലായെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി 28.07.2016 ൽ ഹർജിക്കാരന് നൽകിയ മറുപടിയിന്മേലുള്ള 27.08.2016 ലെ ഹർജിക്കാരന്റെ അപ്പീൽ അപേക്ഷക്കുള്ള മറുപടി 28.09.2016 തീയതി രജിസ്റ്റേഡ് തപാലായി നഗരസഭ ഓഫീസിൽ നിന്ന് അയച്ചുനൽകിയിട്ടുള്ളതാണെന്നും ആയത് സ്ഥാപിക്കുന്ന ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും തപാൽ രജിസ്റ്ററിന്റെ പകർപ്പും മറുപടിയോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷ സംബന്ധിച്ച ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നാണ്.

5. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ സംബന്ധിച്ച ഫയൽ നഗരസഭയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, ഹർജിക്കാരനെ ബന്ധപ്പെട്ട് ടിയാന്റെ ആവശ്യം മനസ്സിലാക്കി ടിയാന് ആയതു സംബന്ധിച്ച വിവരം ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസങ്ങൾക്കുള്ളിൽ നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 8–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൺ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്,

അഡീഷണൽ സെക്രട്ടറി(നിയമം)